File No.E1/28/2020-TC

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,*

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയതി, 16/03/2020

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും (എൻഫോഴ്സ്മെന്റ്)

സർ,

വിഷയം : ***മോട്ടോർ വാഹന വകുപ്പ്*** – കൊറോണ വൈറസ് (കോവിഡ് 19) – നിലനിൽക്കുന്ന സാഹചര്യത്തിൽ നിർദ്ദേശങ്ങൾ നൽകുന്നത് – സംബന്ധിച്ച്

സൂചന :–ഇല്ല.

സംസ്ഥാനത്ത് കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾ നടക്കുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് ഗതാഗത സംവിധാനം ലഭിക്കുന്നില്ല എന്ന തരത്തിലുള്ള പരാതികൾ നിലനിൽക്കുന്നു. ആയതിനാൽ പ്രസ്തുത സാഹചര്യത്തിൽ

1. സ്വകാര്യ ബസ്സുകൾ സർവ്വീസ് നിർത്തി വയ്ക്കുന്നതായും, യാത്രക്കാരെ കയറ്റുന്നതിൽ വിമുഖത കാണിക്കുനതായും അറിയുന്നു. ആയതിനാൽ ബന്ധപ്പെട്ട ആർ.ടി.ഒ. മാരും, എൻഫോഴ്സ്മെന്റ് ആർ.ടി.ഒ. മാരും ബസ്സുകൾ ട്രിപ്പുകൾ മുടക്കം വരാതെ സർവ്വീസ് നടത്തുന്നുണ്ട് എന്നു ഉറപ്പാക്കേണ്ടതാണ്.
2. കേരളത്തിലുള്ള എയർപോർട്ടുകളിൽ യാത്രാസൗകര്യങ്ങളും മറ്റും ഉറപ്പു വരുത്തുന്നതിനായി ഒരു എൻഫോഴ്സ്മെന്റ് സ്ക്വാഡിനെ റൊട്ടേഷൻ അടിസ്ഥാനത്തിൽ നിയമിക്കേണ്ടതാണ്.
3. ചെക്ക് പോസ്റ്റുകളിൽ പോലീസും, ആരോഗ്യ വകുപ്പും നടത്തുന്ന പ്രവർത്തനങ്ങളിൽ അവർക്കു വേണ്ട സഹായസഹകരണങ്ങൾ നൽകുന്നതിനായി സ്ക്വാഡിലെ ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

16/3

Transport Commissioner
Thiruvananthapuram